**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2446.          19.07.2016 ൽ മറുപടിയ്ക്ക്.**

**ഡ്രൈവിംഗ് സ്കൂളുകൾക്ക് ലൈസൻസ് അനുവദിക്കൽ**

| ചോദ്യം<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങാൻ ലൈസൻസ് നിർബന്ധമാണോ; എങ്കിൽ ലൈസൻസ് നൽകുന്ന അധികാരി ആരാണെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (എ) | നിർബന്ധമാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആണ് ലൈസൻസ് നൽകുന്ന അധികാരി. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 12-ാം വകുപ്പ് അനുശാസിക്കും പ്രകാരം 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ 24-ാം ചട്ടവും, ഗതാഗത കമ്മീഷണറുടെ 15.11.2013-ലെ സർക്കുലർ നമ്പർ 27/2013 എന്നിവ പ്രകാരവുമാണ് ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത്. ടി ചട്ടത്തിന്റെയും ഗതാഗത കമ്മീഷണറുടെ സർക്കുലറിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം I, II എന്നിവയായി ചേർത്തിട്ടുണ്ട്. |
| (ബി) | കാസർകോഡ് ജില്ലയിൽ ലൈസൻസോടുകൂടിയും അല്ലാതെയും പ്രവർത്തിക്കുന്ന എത്ര ഡ്രൈവിംഗ് സ്കൂളുകളുണ്ട്; ഇത് സംബന്ധിച്ച് കാസർകോഡ്, കാഞ്ഞങ്ങാട് എന്നീ ആർ.ടി.ഒ. കളിലെ കണക്ക് വേർതിരിച്ച് ലഭ്യമാക്കുമോ ; | (ബി) | 72.<br>കാസർഗോഡ് – 30<br>കാഞ്ഞങ്ങാട് – 42<br><br>കാസർഗോഡ് ജില്ലയിൽ ലൈസൻസി -ല്ലാതെ ഡ്രൈവിംഗ് സ്കൂളുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ലൈസൻസുണ്ടെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ കാസർകോഡ് ജില്ലയിലുണ്ടോ ; എങ്കിൽ എന്ത് നിയമനടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ ; | (സി) | ഇല്ല; |
| (ഡി) | ഡ്രൈവിംഗ് സ്കൂളുകൾ മാനദണ്ഡങ്ങൾ പാലിച്ചാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാൻ സംവിധാനങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ ഈ വിധത്തിലുള്ള പരിശോധനകൾ എത്ര മാസത്തിലൊരിക്കലാണ് നടക്കാറുള്ളതെന്നും വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. 3 മാസത്തിലൊരിക്കൽ ഡ്രൈവിംഗ് സ്കൂളുകളിൽ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**